ഏറ്റവും മൗലികമായ ആവശ്യത്തിന് ഗവൺമെന്റ് സൗജന്യമായി ശുദ്ധജലം കൊടുക്കേണ്ടതാണ്. അതിനാണ് ഗവൺമെന്റ് ശ്രമിക്കേണ്ടത്. ഗവൺമെന്റ് സബ്സിഡൈസ് ചെയ്യുകയാണ് വേണ്ടത്. അത്തരത്തിലുള്ള നടപടിയെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. കെ. എം. മാണി : അത് വിശാലമായ നയപ്രശ്നമാണ്. അതിനെ പറ്റി ആലോചിക്കാം.

ശ്രീ. ആർ. എസ്. ഉണ്ണി : നഗര സഭകൾക്ക് ശുദ്ധജല വികസനത്തിനുള്ള അധികാരം നിലവിലിരുന്ന കാലത്ത് പൊതുജനങ്ങൾക്കും നഗരവാസികൾക്കും നൽകിക്കൊണ്ടിരുന്ന ശുദ്ധജലം ഒരളവുവരെ സൗജന്യമായിട്ടും ബാക്കിയുള്ളതിന് സർവ്വീസ് ചാർജ് മാത്രം കണക്കാക്കിയാണ് കരം ഈടാക്കി കൊണ്ടിരുന്നത്. ആ വസ്തുത പരിഗണിച്ച് വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിട്ടി സൗജന്യവും അതിനുപുറമെ നാമമാത്രവുമായ ചെലവ് ഈടാക്കുന്ന നയസമീപനം ഇക്കാര്യത്തിൽ സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : ഇലക്ട്രിസിറ്റിയുടെ ചാർജ് ഈ അടുത്ത കാലത്ത് ഉയരുകയുണ്ടായി. ജലവിതരണത്തിനുള്ള ചെലവുകളും പല കാരണങ്ങളാലും വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് പഴയകാലത്ത് ഫിക്സ് ചെയ്ത റേറ്റ് ഒരു രീതിയിൽ പറഞ്ഞാൽ ഇപ്പോൾ നേരിടുന്ന ചെലവുകൾ നികത്താൻ തികയുന്നില്ല. എങ്കിലും അത് കൂട്ടരുത് എന്നാണ് മനസ്സിലാക്കുന്നത്. കൂടുമോ ഇല്ലയോ എന്ന് ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ് : വാട്ടർ സപ്ലൈ സ്കീമിൽ കൂടി കൊടുക്കുന്ന വെള്ളത്തിൽ റെയിൽവേക്കും വ്യവസായ സ്ഥാപനങ്ങൾക്കും ഡൊമസ്റ്റിക് പർപ്പസിന് ഈടാക്കുന്ന ചാർജിനേക്കാൾ താഴ്ന്ന ചാർജ്ജാണ് ഈടാക്കുന്നത്. ഇതുകൂടി വർദ്ധിപ്പിച്ചതിനുശേഷം ഇത് പരിഗണിക്കുന്നതായിരിക്കുകയല്ലേ നല്ലത്.

ശ്രീ. കെ. എം. മാണി : ഡൊമസ്റ്റിക്കിന് ആയിരം ലിറ്ററിന് 75 പൈസ ഈടാക്കുമ്പോൾ നോൺ-ഡൊമസ്റ്റിക്കിന് രണ്ടു രൂപയോളമാണ് ഈടാക്കുന്നത്. നോൺ-ഡൊമസ്റ്റിക്കിന് ഇപ്പോൾ കൂടുതൽ തുകയാണ് ഈടാക്കുന്നത്.

സംയോജിത ശിശുവികസന പദ്ധതികൾ

* 196. [216] ശ്രീ. കെ. കെ. ശ്രീനിവാസൻ :
,, മണിമംഗലത്തു കുട്ട്യാലി :
,, സ്റ്റീഫൻ പാടുവ :
,, ബെന്നിബഹന്നാൻ :
,, രാഘവൻ പൊഴക്കടവിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര സംയോജിത ശിശു വികസന പദ്ധതികൾ ആരംഭിച്ചു ;

(ബി) എത്ര ലക്ഷം ഉപഭോക്താക്കൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംയോജിത ശിശു വികസന പ്രോജക്ടുകൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞവർഷം വരെ ആരംഭിച്ച 61 പ്രോജക്ടുകളിലെ പ്രീ-പ്രൈമറി വിദ്യാഭ്യാസവും അനുപൂരക പോഷകാഹാരവും ലഭിക്കുന്ന ഉപഭോക്താക്കളുടെ എണ്ണം 6 : 10 : 993 ആണ്. പദ്ധതിയുടെ മറ്റ് സേവനങ്ങൾ ലഭിച്ചുവരുന്ന ഉപഭോക്താക്കളുടെ എണ്ണവും കഴിഞ്ഞ വർഷം അനുവദിച്ച പുതിയ പ്രോജക്ടുകളിലെ ഉപഭോക്താക്കളുടെയെണ്ണവും ശേഖരിച്ചുവരുന്നു.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : ഇതൊരു വലിയ സാമൂഹ്യക്ഷേമപരിപാടിയാണ് എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. എത്ര ഐ. സി. ഡി. എസ്. യൂണിറ്റുകൾ സ്ഥാപിച്ചു, ഇതിനെ സംബന്ധിച്ച് ബഹുജനങ്ങളിൽ നിന്നുണ്ടായ പ്രതികരണമെന്താണ് ?

ശ്രീമതി എം. കമലം : വളരെ ദീർഘ വീക്ഷണത്തോടുകൂടി അന്തരിച്ചു പോയ പ്രിയങ്കരിയായ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ആരംഭിച്ച പദ്ധതിയാണ്. ബഹുജനങ്ങളിൽ വളരെയധികം മതിപ്പും വിശ്വാസവും ഈ പദ്ധതിയെക്കുറിച്ചുണ്ട്.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : ബഹുജനപ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതികൾ കുറച്ചുകൂടി കാര്യക്ഷമമായി പ്രവർത്തിക്കാനും, കുറച്ചുകൂടി ഇൻറൻസീവായിട്ട് പ്രവർത്തിക്കാനും എന്തു നിർദ്ദേശമാണ് ഗവൺമെൻറിന്റെ പരിഗണനയിലുള്ളത് ?

ശ്രീമതി എം. കമലം : ഒരു പരീക്ഷണമെന്ന നിലയിൽ കേന്ദ്രഗവൺമെൻറ് ആരംഭിച്ച പദ്ധതിയാണ്. ഇതിന്റെ അഭിവൃദ്ധിക്കുവേണ്ടി കൂലംകക്ഷമായ ചർച്ചകളും നയപരിപാടികളും ആവിഷ്ക്കരിച്ചുവരിക്യാണ്.

ശ്രീ. ബെന്നിബഹനാൻ : പുതിയ സംയോജിത ശിശുവികസന പദ്ധതികൾ ആരംഭിക്കുമ്പോൾ എത്ര കുട്ടികൾക്ക് പ്രയോജനം കിട്ടത്തക്കവിധത്തിലാണ് ഒരു യൂണിറ്റ് ആരംഭിക്കുന്നത് ?

ശ്രീമതി എം. കമലം : ഒരു ഐ.സി.ഡി.എസ്. ബ്ലോക്കിൽ 100 അംഗൻവാടി യൂണിറ്റ് ഉണ്ടാകണമെന്നാണ് ജനസംഖ്യാനുപാതികമായി കണക്കാക്കിയിരിക്കുന്നത്. ആയിരം ജനസംഖ്യക്ക് ഒരു യൂണിറ്റ് എന്ന വിധത്തിൽ കേന്ദ്രഗവൺമെൻറ് ഇത് പുനപരിഷ്ക്കാരം വരുത്തിയിട്ടുണ്ട്.

ശ്രീ. ബെന്നിബഹനാൻ : ആയിരം ആളുകൾക്ക് ഒരു യൂണിറ്റ് എന്നു പറഞ്ഞു. അത് വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ ?

ശ്രീമതി എം. കമലം : ഹരിജനങ്ങളും ആദിവാസികളുമുള്ള മേഖലയിൽ 500 ആളുകൾക്ക് ഒരു അംഗൻവാടി എന്ന നിലയിൽ ഇതിൽ വ്യത്യാസം വരുത്തിയിട്ടുണ്ട്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഐ. സി. ഡി. എസ്. പ്രോജക്ടുകളിൽ മലയോര പ്രദേശവും ആദിവാസി കേന്ദ്രവുമായ ഒല്ലൂക്കരബ്ലോക്കിന് മുൻഗണന കൊടുക്കാൻ തയ്യാറാകുമോ ; എത്രയെണ്ണമാണ് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീമതി എം. കമലം : വാമനപുരം, ചിറ്റൂർ, പേരാവൂർ, ഒറ്റപ്പാലം, അഴൂർ തുടങ്ങിയ അഞ്ചുപ്രോജക്ടുകളാണ് പുതുതായി ആരംഭിച്ചത്. കേന്ദ്രഗവൺമെൻറ് തെരഞ്ഞെടുത്തതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാഘവൻ പൊഴക്കടവിൽ : അത് മലയോര പ്രദേശവും ആദിവാസി പ്രദേശവുമാണെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കേന്ദ്ര ഗവൺമെന്റിൽ ആ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീമതി എം. കമലം : സംസ്ഥാന ഗവൺമെന്റ് അത് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട് ; ലിസ്റ്റിലും ഒല്ലൂക്കര ഉൾപ്പെടുത്തിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് പുതുക്കി നിശ്ചയിച്ച ഷെഡ്യൂൾ റേറ്റുകൾ

* 197. [217] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. പി. പ്രഭാകരൻ :
,, കെ. ടി. കണാരൻ :

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്തു വകുപ്പ് ഏറ്റവും ഒടുവിലായി ഷെഡ്യൂൾ റേറ്റുകൾ പുതുക്കി നിശ്ചയിച്ചത് എന്നാണ് ;

(ബി) ഇതനുസരിച്ച് ജോലികൾ നടത്തുന്നതിന് ബുദ്ധിമുട്ടാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഈ റേറ്റുകൾ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹ) :

(എ) 1-10-1986-ൽ.
(ബി) ഇല്ല.
(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : ഷെഡ്യൂൾ പുതുക്കൽ പ്രാബല്യത്തിൽ വരുമ്പോൾ അതിന്റെ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. അവുക്കാദർ കുട്ടിനഹ : അത് മുൻകൂട്ടി പറയാൻ സാധിക്കുകയില്ല ; നടപ്പിൽ വന്നതിനുശേഷമേ അറിയാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. പി. പ്രഭാകരൻ : പൊതുമരാമത്ത് ഷെഡ്യൂൾ നിശ്ചയിക്കുന്ന വേജ് റേറ്റ് ഇന്ന് നാട്ടിൽ നടപ്പിലുള്ളതിനേക്കാൾ പകുതികണ്ടാണ്. അതിന്റെ ഫലമായിട്ട് ഇപ്പോൾ ടെണ്ടർ വച്ചാലും 80-85 ശതമാനത്തിനുമേൽ ടെണ്ടർ വയ്ക്കുന്നു. അറിഞ്ഞുകൊണ്ടു തന്നെ ഇത്തരത്തിൽ ഷെഡ്യൂൾ നിശ്ചയിക്കുന്നതിന്റെ യുക്തി എന്താണ് ? ഇത് അഴിമതിക്ക് കൂടുതൽ പ്രോത്സാഹനം കൊടുക്കുകയല്ലേ ഉള്ളൂ.

ശ്രീ. കെ. അവുക്കാദർ കുട്ടിനഹ : ആ അപര്യാപ്തത അറിഞ്ഞുകൊണ്ടാണ് പുതിയ ഷെഡ്യൂൾ ഉണ്ടാക്കിയത്. 1982-ലെ ഷെഡ്യൂളാണ് ഇപ്പോൾ നിലവിലുള്ളത്. ആ റേറ്റ് പ്രകാരമാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് നാട്ടിൽ നിലവിലുള്ള റേറ്റിന്റെ പകുതിപോലും ഇല്ല എന്ന്. അത് റിവൈസ് ചെയ്യാനാണ് 1986 ഒക്ടോബർ ഒന്നിന് പുതിയ റേറ്റ് കൊണ്ടുവന്നത്.

ശ്രീ. കെ. പി. പ്രഭാകരൻ : നാട്ടിൽ നിലവിലുള്ളതിനേക്കാൾ കുറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly